**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4371** **09-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ ഭവന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം പുതിയ ഭവന പദ്ധതികൾ ആണ് ഹൗസിങ് ബോർഡ് മുഖാന്തരം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് ഹൗസിംഗ് ബോർഡ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഭവനപദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ആശ്വാസ് വാടക വീട് പദ്ധതി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന പദ്ധതിയാണിത്. 2. ദുർബ്ബല/ താഴ്ന്ന വരുമാന വിഭാഗക്കാർ ക്കുള്ള ഭവന പദ്ധതി കേരളത്തിലെ സാധാരണ ജനങ്ങളെ പാർപ്പിട മേഖലയിലെ സ്വകാര്യ സംരംഭകരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും എല്ലാവർക്കും സുരക്ഷിത ഭവനം എന്ന കേരള സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിക്കുന്ന നൂതന പദ്ധതിയാണിത്. പദ്ധതി പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ദുർബല വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന (EWS Category) ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായത്തോടെയാണ് ഭവന നിർമ്മാണ ബോർഡ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ഭൂമിക്കനുസരിച്ച് വീടുകളോ ഫ്ളാറ്റുകളോ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. 3. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്നതാണ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയുടെ ലക്ഷ്യം. ഇതുവരെ ബോർഡ് വിവിധ ജില്ലകളിലായി 11 ഹോസ്റ്റലുകൾ ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട്, |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം എന്നി ജില്ലകളിൽ നിർമ്മിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. 4. സൗഹൃദം പാർപ്പിട പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന 2/02/2021ലെസ.ഉ(കൈ)നം.2/2021/ഭവനം നമ്പർ ഉത്തരവ് പ്രകാരം പുതിയ പാർപ്പിട പദ്ധതിയായ സൗഹൃദം പദ്ധതി നടപ്പാക്കുന്നതിനു ഭരണാനുമതി നല്കിയിട്ടുണ്ട്. എന്നാൽ പുതിയ ബോർഡ് ഭരണസമിതി അധികാരം ഏൽക്കുന്നതോടെ സാഹചര്യങ്ങൾ വിലയിരുത്തി ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലം സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയ ഭവനപദ്ധതികൾ സംബന്ധിച്ച വിശദവിവരം നൽകാമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലം സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയ ഭവനപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | ഷൊർണ്ണൂർ മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ ഭവന പദ്ധതി സംബന്ധിച്ച് വിശദവിവരം നൽകാമോ; | (സി) | ഷൊർണ്ണൂർ മണ്ഡലത്തിൽ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിൽ 58 ഗുണഭോക്താക്കൾക്ക് എം.എൻ. ലക്ഷം ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുണ്ട്. |
| (ഡി) | ലൈഫ് മിഷൻ പദ്ധതിയുമായി ഏറ്റവും കൂടുതൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന ഭവനനിർമ്മാണ വകുപ്പ് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പുതിയ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ

# അനുബന്ധം- 1

**കഴിഞ്ഞ അഞ്ച് വർഷക്കാലം ഭവന നിർമ്മാണ ബോർഡ്, ലൈഫ് മിഷൻ, സഹകരണ വകുപ്പ്, ഗ്രാമ വികസന വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകൾ ഏറ്റെടുത്തു നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1. <u>ആശ്വാസ് വാടക വീട് പദ്ധതി</u> -സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും മതിയായ വാടക നിരക്കിൽ താമസ സൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന പദ്ധതിയാണിത്.

a) <u>ആശ്വാസ് വാടക വീട് പദ്ധതി, ആലപ്പുഴ (2019-20 പ്ലാൻ പദ്ധതി )</u>

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ വടക്ക് വില്ലേജിൽ പഴയ സർവ്വേ നമ്പർ. 5/8 ൽ 378, 379, 380 എന്നീ സബ് ഡിവിഷനുകളിലായി മെഡിക്കൽ കോളേജ് കോമ്പൗണ്ടിനുള്ളിൽ ഒഴിഞ്ഞു കിടക്കുന്ന 50 സെൻറ് സ്ഥലത്തു ഒറ്റ ബ്ലോക്കിൽ മൂന്നു ഡോർമിറ്ററികളും 34 ബാത്ത് അറ്റാച്ച്ഡ് മുറികളും ഉൾപ്പെടുന്ന ആകെ 106 കിടക്കകളുള്ള 3 നില കെട്ടിടം നടപ്പിലാക്കുന്നതിന് 26/09/2019 -ൽ അംഗീകാരം നല്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

b) <u>ആശ്വാസ് വാടക വീട് പദ്ധതി, തൃശ്ശൂർ ജില്ല (2020-21 പ്ലാൻ പദ്ധതി )</u>

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിലുള്ള 50 സെൻറ് സ്ഥലത്ത് ഒറ്റ ബ്ലോക്കിൽ ആകെ 75 കിടക്കകളുള്ള 2 നില കെട്ടിടം നടപ്പിലാക്കുന്നതിന് 14/9/20-ലെ സ.ഉ.(സാധാ)നം.32/2020/ഭവനം നമ്പർ ഉത്തരവു പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പദ്ധതി ഏകദേശം ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

**2.** സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഭവന പദ്ധതികളുടെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് കൈമാറുന്നതാണ്.

- <u>സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിലുള്ള ഭവന പദ്ധതി - ഘട്ടം IV (2017-18 പ്ലാൻ പദ്ധതി)</u>

കാസർഗോഡ് കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഓരോയിടത്തും 3 നിലകളുള്ള 2 വീതം ബ്ലോക്കുകളിലായി ആകെ 24 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനു 4216-01-106-94 എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് കാലതാമസം വരാതിരിക്കുന്നതിന്, പദ്ധതിയുടെ ശിലാസ്ഥാപനം 03/10/2017-ൽ ബഹു. ഭവന നിർമ്മാണ വകുപ്പ മന്ത്രി നിർവ്വഹിച്ചിരുന്നു. കാഞ്ഞങ്ങാട് 12 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി നിർമ്മാണ പ്രവൃത്തികൾ (2016-DSR പ്രകാരം) ടെണ്ടർ ചെയ്ത് 19/12/2018-ൽ വർക്ക് അവാർഡ് ചെയ്ത് നിർമ്മാണം ആരംഭിക്കുകയുണ്ടായി. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. കാസർഗോഡ് പദ്ധതി നടപ്പിലാക്കുവാനുള്ള സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പണി തുടങ്ങുവാനായിട്ടില്ല.

- <u>സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിലുള്ള ഭവന പദ്ധതി - ഘട്ടം V (2019-20 പ്ലാൻ പദ്ധതി)</u>

സർക്കാർ ഭൂമിയിൽ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വാടകവീട്ടു പദ്ധതി, അഞ്ചാം ഘട്ടമായി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ ഓരോയിടത്തും EF-30 (6 ഫ്ലാറ്റുകൾ), DF-30 (6 ഫ്ലാറ്റുകൾ) മാതൃകയിൽ 12 വീതം ആകെ 24 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനു ഭരണാനുമതി നല്കിയിട്ടുണ്ട്. വെള്ളരിക്കുണ്ട് താലൂക്കിൽ 12 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനു 16.10.2020-ൽ കരാറിലേർപ്പെട്ട് പ്രവർത്തനമാരംഭിച്ചു. നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. എന്നാൽ മഞ്ചേശ്വരത്തു പദ്ധതി നടപ്പിലാക്കുവാനുള്ള സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പണി തുടങ്ങുവാനായിട്ടില്ല.

- <u>സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ് / ക്വാർട്ടേഴ്സ് പദ്ധതി, കോഴിക്കോട് (2020-21 പ്ലാൻ പദ്ധതി)</u>

കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം ബോർഡിൻെറ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 192/6 a -ൽപ്പെട്ട 102 സെൻറ് വിസ്തീർണ്ണമുള്ള ഭൂമിയിൽ 3 നിലകളിലായി 1392.11 ച.മി. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നു. ഒൻപത് 2BHK ഫ്ലാറ്റുകളും മൂന്ന് 2BHK + പഠന മുറി ഉൾപ്പെടുന്ന കെട്ടിടം 400 ലക്ഷം രൂപ പദ്ധതി ചെലവിൽ ഏകദേശം 1 വർഷം കൊണ്ട് പൂർത്തീയാക്കാനുദ്ദേശിക്കുന്നു. ടി പദ്ധതിക്ക് 22/12/2020-ലെ സ.ഉ. (സാധാ).നം. 52/2020/ഭവനം എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

## 3. <u>ദുർബല/ താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി</u>

കേരളത്തിലെ സാധാരണ ജനങ്ങളെ പാർപ്പിട മേഖലയിലെ സ്വകാര്യ സംരംഭകരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും എല്ലാവർക്കും സുരക്ഷിത ഭവനം എന്ന കേരള സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിക്കുന്ന നൂതന പദ്ധതിയാണിത്. പദ്ധതി പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ദുർബല വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന (EWS Category) ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായത്തോടെയാണ് ഭവന നിർമ്മാണ ബോർഡ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ഭൂമിക്കനുസരിച്ച് വീടുകളോ ഫ്ളാറ്റുകളോ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

a) ഇ.ഡബ്ല്യൂ എസ്./ എൽ.ഐ.ജി ഭവന പദ്ധതി, മുക്കം (കോഴിക്കോട്), പട്ടുവം (കണ്ണൂർ), തൃക്കൈപ്പെറ്റ (വയനാട് ) (2020-21 പ്ലാൻ പദ്ധതി)

- മുക്കം, കോഴിക്കോട് - കോഴിക്കോട് ജില്ലയിൽ മുക്കത്ത് രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയ്ക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട 45.89 സെൻറ് വിസ്തീർണ്ണമുള്ള സർക്കാർ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 3 നിലകളുള്ള 3 കെട്ടിടത്തിൽ രണ്ട് കിടക്ക മുറികളുള്ള 36 ഭവന യൂണിറ്റുകൾ (ആകെ 1964.88 ച.മി വിസ്തീർണ്ണമുള്ള) ഉൾക്കൊള്ളാവുന്ന കെട്ടിട സമുച്ചയമാണ് നിർമ്മിക്കുന്നത്. പ്ലാസ്റ്ററിംഗ് ഒഴിവാക്കി ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച് നിർമ്മാണം നടത്തുവാനുദ്ദേശിക്കുന്ന പദ്ധതിയാണിത്. ഏകദേശം ഒരു വർഷം കൊണ്ട് പൂർത്തിയാക്കുന്ന ടി പദ്ധതിക്ക് 16/01/2021-ലെ സ.ഉ.(സാധാ).നം4/2021/ഭവനം എന്ന സർക്കാർ ഉത്തരവ് പ്രകാരം 545 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. (റീ ടെൻഡർ ചെയ്തിട്ടുണ്ട് )
- പട്ടുവം, കണ്ണൂർ -കണ്ണൂർ ജില്ലയിൽ പട്ടുവത്തും രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട 53.14 സെൻറ് വിസ്തീർണ്ണമുള്ള സർക്കാർ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 3 നിലകളുള്ള 3 ബ്ലോക്കുകളിൽ 36 ഭവന യൂണിറ്റുകൾ (ആകെ തറ വിസ്തീർണ്ണം 1963.80 ച.മി) ഉൾക്കൊള്ളാവുന്ന കെട്ടിട സമുച്ചയമാണ് നിർമ്മിക്കുന്നത്. പ്ലാസ്റ്ററിംഗ് ഒഴിവാക്കി ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച് നിർമ്മാണം നടത്തുവാനുദ്ദേശിക്കുന്ന പദ്ധതി ഏകദേശം ഒരു വർഷം കൊണ്ട് പൂർത്തിയാക്കുന്നതാണ്. 545 ലക്ഷം രൂപ പദ്ധതി ചെലവിൽ നിർമ്മിക്കുന്ന പദ്ധതിയുടെ കാലയളവ് 1 വർഷമാണ്. കാരാറുകാരൻ 07-07-2021 തീയതിൽ കരാറിലേർപ്പെട്ടു.
- തൃക്കൈപ്പെറ്റ, വയനാട് (18 വീടുകൾ) - രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ മേപ്പാടി പഞ്ചായത്തിൽപ്പെടുന്ന തൃക്കൈപ്പെറ്റ വില്ലേജിൽ 81/1, 82/2, 82/5, 82/10 സർവ്വേ നമ്പരുകളിലായുള്ള 2 ഏക്കർ സ്ഥലത്ത് ഒഴിവുള്ള 83.38 സെൻറിൽ ഏകദേശം 4 സെൻറിൻെറ 18 പ്ലോട്ടുകളാക്കി 415 ച.അടി വീതം വിസ്തീർണ്ണമുള്ള വീടുകൾ 200 ലക്ഷം രൂപ പദ്ധതി ചെലവിൽ 9 മാസം കൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്നു. മഴവെള്ള സംഭരണി, സോളാർ പാനൽ, ബയോഗ്യാസ് പ്ലാൻറ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.ടി പദ്ധതിക്ക് 16/01/2021-ലെ സ.ഉ.(സാധാ).നം4/2021/ഭവനം എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. കാരാറുകാരൻ 02-06-2021 തീയതിൽ കരാറിലേർപ്പെട്ടു.

**4.** <u>പാരസ്പര്യം ഫ്ളാറ്റ്സ് നിർമ്മാണ പദ്ധതി,</u>

- <u>നെട്ടയം, തിരുവനന്തപുരം -</u> തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നം.23-ൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 213/3, 213/16, 213/17 എന്നീ സർവ്വേ നമ്പരുകളിലുള്ള 63.66 സെൻറ് ഭൂമിയിൽ പാരസ്പര്യം മാതൃകയിൽ എട്ട് നിലകളിലായി ആകെ 66 (60 എണ്ണം 3BHK, 6 എണ്ണം 2BHK) ഫ്ളാറ്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് 11/09/2020-ലെ സ.ഉ.(കൈ).നം7/2020/ഭവനം എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. RERA registration ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

- <u>പ്രവാസി തൊഴിലാളികൾക്കായുള്ള അഫോർഡബിൾ ഭവന പദ്ധതി, കോഴിക്കോട് -</u> കോഴിക്കോട് ജില്ലയിൽ മെഡിക്കൽ കോളേജ് ഭവന പദ്ധതി, സ്റ്റേജ് 2-ൽ ഒഴിഞ്ഞു കിടക്കുന്ന 1.47 ഏക്കർ ഭൂമിയിൽ പ്രവാസികളായ തൊഴിലാളികൾക്കും സമാനമായവർക്കും താഴ്ന്ന വരുമാനക്കാർക്ക് വേണ്ടി ചെലവു കുറഞ്ഞ രീതിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് 23/10/2020 ൽ സർക്കാർ അംഗീകാരം നല്കുകയുണ്ടായി. ഒരു നിലയിൽ 4 യൂണിറ്റുകൾ വീതം 3 നിലകളിലായി 12 യൂണിറ്റുകൾ വരുന്ന 6 ബ്ലോക്കുകൾ ആണ് നിർമ്മിക്കുന്നത്. 5 ബ്ലോക്കുകളിൽ 850 ച.അടി വിസ്തീർണ്ണമുള്ള 3 BHK ഫ്ലാറ്റുകളും ഒരു ബ്ലോക്കിൽ 750 ച.അടി വിസ്തീർണ്ണമുള്ള 2 BHK ഫ്ലാറ്റുകളുമായി ആകെ 12 ഫ്ലാറ്റുകൾ (60+12) നിർമ്മിക്കുന്നു. മാർക്കറ്റ് നിരക്കിലുള്ള ഭൂമി വില ഉൾപ്പെടെയുള്ള പദ്ധതിച്ചെലവ് ₹22,23,24,848/- രൂപയായി (22.23 കോടി രൂപ) കണക്കാക്കിയിട്ടുണ്ട്. ചെലവു കുറഞ്ഞ രീതിയിൽ നിർമ്മാണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. Hollow clay blocks ഉപയോഗിച്ചുള്ള ചുമരുകൾക്ക് പുറം പ്ലാസ്റ്ററിംഗ് ആവശ്യമില്ല. ബ്ലോക്കുകളുടെ അകം പൊള്ളയായതിനാൽ മുറികൾക്കുള്ളിൽ ചൂട് താരതമ്യേന കുറയ്ക്കുവാൻ കഴിയും. മണലിൻെറയും കമ്പിയുടേയും ഉപയോഗം പരമാവധി കുറയ്ക്കുന്ന നിർമ്മാണ രീതിയാണ് അവലംബിക്കുന്നത്. ഫ്ലാറ്റുകളുടെ വിൽപ്പന വില, കാർ ഷെഡുൾപ്പെടെ 35.00 ലക്ഷം രൂപയും (3 BHK) 29.00 ലക്ഷം രൂപയും (2BHK) ആണ് കണക്കാക്കിയിട്ടുള്ളത്. ആവശ്യക്കാരെ കണ്ടെത്തുന്നതിനും സാമ്പത്തികം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യത്തിനായി പദ്ധതി 3 ഘട്ടങ്ങളിലായി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഓരോ ഘട്ടത്തിലും 24 ഫ്ലാറ്റുകൾ ഉൾപ്പെട്ട 2 ബ്ലോക്കുകൾ വീതം നിർമ്മിക്കുന്നു. ഉപഭോക്താക്കളെ നിർമ്മാണം തുടങ്ങുന്നതിനുമുമ്പായി കണ്ടെത്തി അവരിൽ നിന്നും വിൽപ്പന വില ഘട്ടം ഘട്ടമായി മുൻകൂറായി സ്വീകരിച്ചു കൊണ്ട് നിർമ്മാണം നടപ്പിലാക്കുന്നതാണ്. ടി പദ്ധതിക്ക് 23/10/2020-ലെ സ.ഉ.(സാധാ).നം9/2020/ഭവനം എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. RERA registration ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

- <u>പാരസ്പര്യം ഫ്ളാറ്റ്സ് നിർമ്മാണം പദ്ധതി, അമ്പല നഗർ, തിരുവനന്തപുരം-</u> തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ കവടിയാർ വില്ലേജിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 2930, 2918/8-3 ൽ പ്പെട്ട 63.75 സെൻറ് (2579.96 ച: മീ) ഭൂമിയിൽ 13 നിലകളിലായി വ്യത്യസ്ത വിസ്തീർണ്ണമുള്ള 3 BHK/2BHK ആകെ 88 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഫ്ളാറ്റുകളെ A, B, C, D, E, F, G, H എന്നിങ്ങനെ എട്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 700 ച.അടി മുതൽ 1038 ച.അടി വരെയാണ് അവയുടെ വിസ്തീർണ്ണം. പദ്ധതി ഭൂമിയുടെ മൂന്നു വശങ്ങളിൽ 7 മീറ്റർ വീതിയുള്ള റോഡ് ഗതാഗത സൗകര്യമുണ്ട്. താഴത്തെ നിലയിലും ഒന്നാമത്തെ നിലയിലുമായി 95 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ റിക്രിയേഷൻ ഏരിയ, ജോഗിംഗ് ട്രാക്ക്, സോളാർ ലൈറ്റിംഗ് സിസ്റ്റം, ലിഫ്റ്റ്, ജനറേറ്റർ, മഴവെള്ള സംഭരണി, സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് എന്നീ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ വിസ്തീർണ്ണം 7103.03 ച.മീ. 3756.30 ലക്ഷം രൂപ പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമ്മാണം 18 മാസത്തിനകം പൂർത്തിയാക്കുന്നതാണ്. ഉപഭോക്താക്കളെ നിർമ്മാണം തുടങ്ങുന്നതിനുമുമ്പായി കണ്ടെത്തി അവരിൽ നിന്നും വിൽപ്പന വില ഘട്ടം ഘട്ടമായി മുൻകൂറായി സ്വീകരിച്ചു കൊണ്ട് നിർമ്മാണം നടപ്പിലാക്കുന്നതാണ്. ടി പദ്ധതിക്ക് 11/09/2020-ലെ സ.ഉ.(കൈ).നം8/2020/ഭവനം എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. RERA registration ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

- തൃക്കാക്കര കൊമേഴ്സ്യൽ കം റസിഡൻഷ്യൽ പദ്ധതി, എറണാകുളം

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ വാഴക്കാല വില്ലേജിൽ ബോർഡ് നടപ്പിലാക്കിയിട്ടുള്ള സാറ്റ്ലൈറ്റ് ടൗൺഷിപ്പ് പദ്ധതി പ്രദേശത്തുള്ള 15 സെന്റ് (605.26 ച. മീറ്റർ) വിസ്തീർണ്ണമുള്ള കമേഴ്സ്യൽ ഭൂമിയിൽ 4 നിലകൾ ഉള്ള ഒരു കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് (1366.76 ച. മീറ്റർ വിസ്തീർണ്ണം) പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോറിൽ 5 കാറുകൾക്കുള്ള 233.60 ച.മി പാർക്കിംഗ് ഏരിയയും ഗ്രൗണ്ട് ഫ്ലോറിൽ 6 കാറുകൾക്കുള്ള പാർക്കിംഗ് ഏരിയയും 183.65 ച . മീ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ ഏരിയായും(സർവ്വീസടക്കം 208.52 ച മീ), ഒന്നാം നിലമുതൽ മൂന്നാം നില വരെ 12 സ്റ്റുഡിയോ ഫ്ലാറ്റുകളും നൽകിയിരിക്കുന്നു. 62.04 ച.മി. (സർവ്വീസടക്കം) തറ വിസ്തീർണമുള്ള 6 ഫ്ലാറ്റുകളും 102.57 ച.മി. (സർവ്വീസടക്കം) തറ വിസ്തീർണമുള്ള 6 ഫ്ലാറ്റുകളും 2 നിലകളിലായി ഒരുക്കിയിരിക്കുന്നു. ഫ്ളാറ്റുകളുടെ വിൽപന വില ച.അടിക്ക് 6000 രൂപയും കാർ ഷെഡ്ഡുകൾക്ക് ഒന്നിന് 2.5 ലക്ഷം രൂപയും കൊമേർഷ്യൽ ഏരിയക്ക് 8000 രൂപ ച.അടിക്ക് നിശ്ചയിച്ചിരിക്കുന്നത്. ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ച് അതുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭൂമി വില ഉൾപ്പെടെയുള്ള പദ്ധതി ചെലവ് 7.19 കോടി രൂപയാണ്. ടി പദ്ധതിക്ക് സർക്കാരിന്റെ അംഗീകാരം നല്കിയിട്ടുണ്ട്.

- കുമാരനാശാൻ നഗർ കൊമേഴ്സ്യൽ കം റസിഡൻഷ്യൽ പദ്ധതി, എറണാകുളം

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇളംകുളം വില്ലേജിലെ കുമാരനാശാൻ നഗർ ഭവന പദ്ധതിയിൽ (ഇളംകുളം നോർത്ത് എസ്.ടി.പി. ഹൗസിംഗ് സ്കീം) ബാക്കിയുള്ള 35.40 സെൻറ് (1433 ച.മി) വിസ്തീർണ്ണം വരുന്ന ഭൂമിയിൽ 4394.43 ച.മി വിസ്തീർണ്ണമുള്ള ഒരു കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പാരസ്പര്യം മാതൃകയിൽ നിർമ്മിക്കാനാണുദ്ദേശിക്കുന്നു. 10 നിലകളുള്ള കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിംഗ് ഏരിയയും, കമേഴ്സ്യൽ ഏരിയയുമുണ്ട്. 1-ാം നില മുതൽ 10-ാം നില വരെയായി മുപ്പത് 3 BHK ഫ്ളാറ്റുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ നിലയിലും 132.31 ച.മി, 135.12 ച.മി, 147.01 ച.മി വീതം വിസ്തീർണ്ണമുള്ള മൂന്നു ഫ്ളാറ്റുകൾ ഉണ്ട്. കൂടാതെ മഴവെള്ള സംഭരണി, സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, അഗ്നിശമന സംവിധാനം മിന്നൽ രക്ഷാചാലകം എന്നിവയും നൽകിയിരിക്കുന്നു.

ഫ്ളാറ്റുകളുടേയും കമേഴ്സ്യൽ ഏരിയയുടേയും ഉപഭോക്താക്കളെ പദ്ധതിയുടെ നിർമ്മാണം തുടങ്ങുന്നതിനു മുമ്പായി കണ്ടെത്തി അവരിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ച് അതുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭൂമി വില ഉൾപ്പെടെയുള്ള ആകെ പദ്ധതിചെലവ് 27,10,36,785/- രൂപ അതായത് 27.10 കോടി രൂപയാണ് (നിർമ്മാണച്ചെലവ് മാത്രം 21,79,36,785/- രൂപ അതായത് 21.79 കോടി രൂപ). പദ്ധതി കാലയളവ് 24 മാസമാണ്. ടി പദ്ധതിക്ക് സർക്കാരിന്റെ അംഗീകാരം നല്കിയിട്ടുണ്ട്.

5. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ

വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായ താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്നതാണ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയുടെ ലക്ഷ്യം. ഇതുവരെ ബോർഡ് വിവിധ ജില്ലകളിയിലായി 11 ഹോസ്റ്റലുകൾ ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം എന്നി ജില്ലകളിൽ നിർമ്മിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

- വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, മാനന്തവാടി, വയനാട് (2016-17 പ്ലാൻ പദ്ധതി )

വയനാട് ജില്ലയിൽ മാനന്തവാടിയിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 82.71 സെന്റ് വിസ്തീർണമുള്ള സ്ഥലത്തു 3526.82 ച.മി. വിസ്തീർണമുള്ള 169 കിടക്കകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു 3 നില വർക്കിംഗ് വിമൻസ് ഹോസ്റ്റൽ 1868.70 ലക്ഷം രൂപ പദ്ധതി ചെലവിൽ നിർമ്മിക്കാനുദ്ദേശിച്ചു. എല്ലാ മുറികൾക്ക് അറ്റാച്ചഡ് ടോയ്ലറ്റ് സൗകര്യങ്ങളുണ്ട്. കൂടാതെ 57 കുട്ടികളെ ഉള്‍ക്കൊള്ളിക്കാവുന്ന ഒരു ഡേ കെയർ സെന്റർ ഈ കെട്ടിടത്തിന്റെ താഴെ നിലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണച്ചെലവായ 1200 ലക്ഷം രൂപയുടെ 60% തുകയായ 720 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവും 40% സംസ്ഥാന സർക്കാർ വിഹിതവും ബാക്കി ബോർഡിന്റെ വിഹിതവുമാണ്. ബോർഡിന്റെ അംഗീകാരവും സർക്കാരിന്റെ സ.ഉ.(സാധാ)നം. 51/2016/ഭവനം തീയതി 26/10/2016-ലേയും സ.ഉ.(സാധാ)നം. 5/2017/ഭവനം നമ്പർ തീയതി 10/01/2017-ലേയും ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തെ പൂർത്തിയാക്കി 15.02.2021 ൽ ബഹു റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിച്ചു.

- മധൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി (2019-20 പ്ലാൻ പദ്ധതി )

കാസർഗോഡ് ജില്ലയിൽ മാധൂർ വില്ലേജിൽ ഭവന നിർമ്മാണ ബോർഡിൻെറ ഉടമസ്ഥതയിലുള്ള 34.03 സെൻറ് വിസ്തീർണ്ണമുള്ള സ്ഥലത്ത് 109 കിടക്കകളും ഒരു ഡേ കെയർ സെൻററും ഉൾപ്പെടുന്ന ഒരു വർക്കിങ് വിമൻസ് ഹോസ്റ്റൽ വിഭാവനം ചെയ്തിരുന്നത്. ഇതിൽ വികലാംഗർക്ക് 3 ബെഡുകൾ, 2 ബെഡ് കിടക്കമുറികൾ ഓരോന്ന് വീതം, 2 കിടക്കകൾ വീതമുള്ള 2 sick റൂമുകൾ, 2 വീതം 7 ബെഡ്, 6 ബെഡ് ഡോർമിറ്ററികൾ, 3 ബെഡ് കിടക്ക മുറികൾ 4 എണ്ണം, ഒരു 3 ബെഡ് ഗസ്റ്റ് റൂം എന്നിങ്ങനെ ആകെ 109 കിടക്കകൾ ക്രമീകരിച്ചിരിക്കുന്നു. ആകെ 1752.59 ച.മി. വിസ്തീർണ്ണമുള്ള 3 നില ഹോസ്റ്റൽ കെട്ടിടം 729.54 ലക്ഷം രൂപ പദ്ധതി ചെലവിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നിർമ്മാണ ചെലവ് മാത്രം 504.62 ലക്ഷം രൂപയാണ്. പദ്ധതിയുടെ നിർമ്മാണച്ചെലവായ 504.62 ലക്ഷം രൂപയുടെ 60% ആയ 302.77 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവും 40% ആയ 201.84 ലക്ഷം രൂപ സംസ്ഥാന വിഹിതവും ബാക്കി ബോർഡിന്റെ വിഹിതവും ആണ്. ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തങ്ങൾ പുരോഗമിക്കുകയാണ്.

- വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി (അഡീഷണൽ ബ്ലോക്ക്), ഗാന്ധിനഗർ, കോട്ടയം (2020-21 പ്ലാൻ പദ്ധതി )

കോട്ടയം ജില്ലയിൽ ബോർഡിന്റെ ഗാന്ധിനഗർ ഭവന പദ്ധതിയിൽ ബോർഡിന്റെ അധിനതയിലുള്ള സർവ്വേ നമ്പർ 614 ൽ 1-2 ൽ പ്പെട്ട 50.52 സെൻറ് കമ്മേഴ്സ്യൽ പ്ലോട്ടിൽ രണ്ട് നിലകളിലായി 1616.65 ച.മി. വിസ്തീർണ്ണമുള്ള 64 കിടക്കകളുള്ള ഹോസ്റ്റൽ കേന്ദ്ര-സംസ്ഥാന ഗവൺമെൻറ് സഹായത്തോടെയും ആധുനിക സൗകര്യങ്ങളോടുകൂടിയും ഏകദേശം 2 വർഷം കൊണ്ട് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ 9 single bed room, 1 sick bed room, 4 three bed room, 8 tripple bed room ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൂമി വില ഒഴികെയുള്ള ആകെ പദ്ധതി ചെലവ് 715.38 ലക്ഷം രൂപയും നിർമ്മാണ ചെലവ് മാത്രം 563 ലക്ഷം രൂപയുമാണ്. ഡേ കെയർ സെന്ററിൽ 19 കുട്ടികളെ ഉൾക്കൊള്ളാവുന്നതാണ്. ടി പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സാമൂഹ്യ നീതി വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

**ഗൃഹശ്രീ ഭവന പദ്ധതി** - കുറഞ്ഞത് രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദുർബല/ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/ എൻ.ജി.ഒ/കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടി 30 ച. മീറ്റർ മുതൽ 83 ച. മീറ്റർ വരെ വീട് നിർമ്മിച്ചു നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതി 2013 മുതൽ ബോർഡ് നടപ്പാക്കി വരുന്നു.

ടി പദ്ധതി അനുസരിച്ച് സ്പോണ്സർമാർ 1 ലക്ഷം രൂപയും ഗുണഭോക്താവ് 1 ലക്ഷം രൂപയും ബോർഡിൽ നിക്ഷേപിക്കുകയും സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4 ലക്ഷം രൂപ സമാഹരിച്ച് വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മാണത്തിന് നിർമ്മാണ പുരോഗതി അനുസരിച്ച് നാല് ഘട്ടങ്ങളിലായി ധന സഹായം അനുവദിക്കുന്നു. ബിൽഡിംഗ്

പെർമിറ്റ് ലഭിക്കുന്ന മുറയക്ക് ആദ്യ ഗഡുവായി 50,000/- രൂപയും , ഫൗണ്ടേഷനും ബെയ്സ്മെന്റും പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായി 1,00,000/- രൂപയും , ലിന്റൽ എത്തുമ്പോൾ മൂന്നാം ഗഡുവായി 1,00,000/- രൂപയും, മേൽക്കൂര ഫിനിഷിംഗ് ജോലികൾ തുടങ്ങുന്ന മുറയ്ക്ക് അവസാന ഗഡുവായി 1,50,000/- രൂപയുമായാണ് ധനസഹായം അനുവദിക്കുന്നത്.

## ലൈഫ് മിഷൻ പദ്ധതികൾ

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി, ലൈഫ് മിഷൻ മുഖേനയും വിവിധ വകുപ്പുകൾ മുഖേനയുമുള്ള കേന്ദ്ര/ സംസ്ഥാന ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്രപദ്ധതിയായിട്ടാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ഇപ്രകാരം 2020–2021 വരെ 2,62,131 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. (വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധം 2 **ആയി** ഉള്ളടക്കം ചെയ്യുന്നു.)

ലൈഫ് മിഷൻ പദ്ധതിയിൽ ഗുണഭോക്താക്കളെ ക**ണ്ടെ**ത്തിയത് 2017–ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെയാണ്. 5,04,967 ഗുണഭോക്താക്കൾ സർവേ ലിസ്റ്റിൽ ഉൾപ്പെട്ടു. ഇതിൽ ലൈഫ് മാനദണ്ഡപ്രകാരം അർഹരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക**ണ്ടെ**ത്തിയത് 2,41,755 ഗുണഭോക്താക്കളെയാണ്. ഇതിൽ 1,45,303 വീടുകൾ ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ചു. ഇതിനുപുറമെ 2020–2021 കാലയളവിൽ ഓൺലൈൻ മുഖേന പുതിയ അപേക്ഷ ക്ഷണിച്ചപ്പോൾ 9,20,261 അപേ ക്ഷകൾ ലഭ്യമായിട്ടുണ്ട്.

### ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന പദ്ധതികൾ

ഗ്രാമ വികസന വകുപ്പ മുഖേന കഴിഞ്ഞ 5 വർഷക്കാലം നടപ്പിലാക്കിയ ഭവന പദ്ധതിയാണ് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ). ഗ്രാമീണ പാർപ്പിട രംഗത്തെ വിടവ് നികത്തുന്നതിനും 2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുമായി 2016 ഏപ്രിൽ 1 മുതൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി ആവാസ് യോജന(ഗ്രാമീൺ) പി.എം.എ.വൈ(ജി) പദ്ധതി പ്രകാരം വീടിനുള്ള ധനസഹായം അനുവദിക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അർഹത പരിശോധിച്ച് ഗ്രാമസഭയുടെ അംഗീകാരത്തോടെയാണ്. ഓരോ വീടിനും 1,20,000/-രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. സംസ്ഥാന സർക്കാർ നിലവിൽ ടി പദ്ധതിയുടെ

യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ ക്രമത്തിൽ അനുവദിക്കുന്നു. അധിക ധനസഹായമായ 2.8 ലക്ഷം രൂപ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ വകയിരുത്തുന്നു.

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000/- രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് കഴിയും. അടിസ്ഥാന സൗകര്യങ്ങളായ **ശൗചാലയം,** കുടിവെള്ളം, വൈദ്യുതി, ഇന്ധനം,ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാദ്ധ്യകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. കേന്ദ്ര വിഹിതം (1,20,000/-രൂപ) മൂന്ന് ഗഡുക്കളായി പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ (ജി)- യുടെ ആദ്യാവസാനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണം ഇലക്ട്രോണിക്ക് സംവിധാനം വഴിയാണ് നടപ്പിലാക്കുന്നത്.

**സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ**

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ചു നല്കുന്നതിനായി കെയർ ഹോം എന്ന പേരിൽ സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 2018 ഡിസംബറിലാരംഭിച്ച പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2091 വീടുകൾ നിർമ്മിച്ചു നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, 2021 ജൂലൈ 14 വരെ അവയിൽ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 24 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താസമ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നല്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. 2021 ഓഗസ്റ്റ് 31ന് മുമ്പ് പണി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനാണ് ലക്ഷ്യമിടുന്നത്. മറ്റു ജില്ലകളിൽ രണ്ടാം ഘട്ട പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.

**ന്യൂനപക്ഷ ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതികൾ**

2017-18 സാമ്പത്തിക വർഷം വരെ നടപ്പിലാക്കിയിട്ടുള്ള വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി/പുനരുദ്ധാരണ പദ്ധതിയിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം മാത്രമാണ് നിലവിൽ നടപ്പാക്കി വരുന്നത്. നടപ്പ് സാമ്പത്തിക വർഷം (2021-22) ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് സംസ്ഥാനത്ത് 624 വീടുകൾക്ക് വീടൊന്നിന് 50,000/- രൂപ ധനസഹായം നൽകുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.

Sheet2 അനുബന്ധം - 2

LIFE – Progress Report – 31.03.2021

| DISTRICT | PHASE 1 | | PHASE 2 | | PHASE 3 | | PMAY (U) | | PMAY (R) | | SC DEPT. | | ST DEPT. | | FISHERIES DEPT | | MINORITY DEPT | | TOTAL | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Sanctioned | Completed | Sanctioned | Completed | Sanctioned | Completed | Sanctioned | Completed | Sanctioned | Completed | Sanctioned | Completed | Sanctioned | Completed | Sanctioned | Completed | Sanctioned | Completed | Sanctioned | Completed |
| THIRUVANATHAPURAM | 6,094 | 6,049 | 16,421 | 14,162 | 22,043 | 347 | 13,084 | 10,323 | 3,448 | 3,020 | 2,671 | 2,384 | 2 | 2 | 5,272 | 1,455 | 152 | 152 | 69,187 | 37,894 |
| KOLLAM | 3,662 | 3,617 | 8,937 | 7,991 | 18,422 | 332 | 7,009 | 5,281 | 1,750 | 1,425 | 2,460 | 1,956 | 10 | 3 | 1,243 | 770 | 107 | 107 | 43,600 | 21,482 |
| PATHANAMTHITTA | 1,195 | 1,176 | 2,384 | 1,884 | 2,577 | 158 | 1,848 | 1,325 | 864 | 758 | 1,358 | 1,248 | 7 | 7 | 10 | 10 | 75 | 75 | 10,318 | 6,641 |
| ALAPUZHA | 2,793 | 2,728 | 9,810 | 8,936 | 7,747 | 87 | 5,483 | 4,137 | 948 | 741 | 1,589 | 1,278 | 10 | 10 | 2,155 | 598 | 193 | 193 | 30,728 | 18,708 |
| KOTTAYAM | 1,132 | 1,102 | 4,571 | 4,097 | 7,047 | 296 | 2,778 | 1,928 | 637 | 605 | 1,250 | 1,240 | 29 | 13 | 91 | 79 | 81 | 81 | 17,616 | 9,441 |
| IDUKKI | 3,181 | 3,129 | 12,394 | 9,295 | 11,053 | 795 | 1,794 | 1,713 | 863 | 764 | 1,227 | 1,227 | 115 | 114 | 15 | 15 | 97 | 97 | 30,739 | 17,149 |
| ERNAKULAM | 1,066 | 1,059 | 5,689 | 5,402 | 20,048 | 182 | 11,189 | 8,620 | 831 | 786 | 2,177 | 1,944 | 9 | 9 | 512 | 329 | 79 | 79 | 41,600 | 18,410 |
| THRISSUR | 3,117 | 2,997 | 5,844 | 4,778 | 12,377 | 452 | 8,531 | 6,738 | 1,946 | 1,570 | 2,610 | 2,228 | 47 | 22 | 736 | 117 | 118 | 118 | 35,326 | 19,020 |
| PALAKKAD | 8,076 | 7,606 | 13,629 | 11,910 | 13,379 | 404 | 7,201 | 5,443 | 2,873 | 1,974 | 3,319 | 2,763 | 1,048 | 115 | 14 | 14 | 127 | 127 | 49,666 | 30,356 |
| MALAPPURAM | 2,780 | 2,727 | 7,043 | 5,856 | 7,837 | 341 | 11,234 | 9,060 | 2,544 | 2,413 | 2,600 | 2,553 | 92 | 29 | 1,526 | 481 | 678 | 678 | 36,334 | 24,138 |
| KOZHIKODU | 6,641 | 6,478 | 5,338 | 4,829 | 6,661 | 172 | 7,279 | 5,443 | 1,724 | 1,137 | 1,570 | 1,311 | 12 | 12 | 726 | 311 | 124 | 124 | 30,075 | 19,817 |
| WAYANAD | 8,784 | 8,440 | 4,105 | 3,584 | 3,339 | 178 | 3,131 | 2,436 | 955 | 925 | 1,080 | 1,073 | 5,228 | 918 | 0 | 0 | 218 | 218 | 26,840 | 17,772 |
| KANNUR | 2,677 | 2,644 | 2,695 | 2,551 | 3,108 | 157 | 4,971 | 4,392 | 722 | 706 | 777 | 777 | 520 | 279 | 877 | 197 | 176 | 176 | 16,523 | 11,879 |
| KASARKODU | 2,918 | 2,871 | 3,764 | 3,376 | 3,567 | 128 | 1,640 | 1,606 | 746 | 577 | 623 | 623 | 186 | 25 | 1,073 | 80 | 138 | 138 | 14,655 | 9,424 |
| TOTAL | 54,116 | 52,623 | 1,02,624 | 88,651 | 1,39,205 | 4,029 | 87,172 | 68,445 | 20,851 | 17,401 | 25,311 | 22,605 | 7,315 | 1,558 | 14,250 | 4,456 | 2,363 | 2,363 | 4,53,207 | 2,62,131 |